എൽ.പി

കൂട

നിരീക്ഷണം

പ്രവർത്തനം 2

# തെക്കും വടക്കും



ഈ പ്രവർത്തനം ചെയ്യാൻ കുറച്ച് വലിപ്പമുള്ള പേപ്പറാണ് നല്ലത്. വലിപ്പമുള്ളത് ഇല്ലെങ്കിൽ സാധാരണ A4 ഷീറ്റ് എങ്കിലും വേണം.

പേപ്പറിന്റെ നടുക്കായി നിങ്ങളുടെ വീട് വരക്കുക. വീടിന് ഒരു ചതുരം വരച്ചാൽ മതി. സൂര്യൻ ഉദിച്ചു വരുന്നത് വീടിന്റെ ഏത് വശത്താണ് എന്ന് നിങ്ങൾ കണ്ടിട്ടുണ്ടല്ലോ? അപ്പോൾ അത് കിഴക്കാണെന്നറിയാം. കിഴക്ക് അറിഞ്ഞാൽ പടിഞ്ഞാറും അറിയാം.

ഈ പ്രവർത്തനത്തിന്റെ
വീഡിയോ വിശദീകരണം കാണാം



അറിയാം
നിറയാം
ഉയരാം

യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം

# എൽ.പി

## കൂട

### നിരീക്ഷണം

## പ്രവർത്തനം 2



പിന്നെ തെക്കും വടക്കും കണ്ടുപിടിക്കാം. അല്ലേ? പിന്നെ തെക്കു പടിഞ്ഞാറും വടക്കു പടിഞ്ഞാറും തെക്കു കിഴക്കും വടക്കു കിഴക്കുമൊക്കെ എവിടെയാണ് എന്ന് ഒന്ന് നോക്കി ഉറപ്പിച്ചോളൂ.

ഇനി ബാക്കി പണി തുടങ്ങാം. നിങ്ങളുടെ വീടിന്റെ നേരേ കിഴക്ക് ഏതെങ്കിലും വീടോ കെട്ടിടമോ ഉണ്ടോ? ഉണ്ടെങ്കിൽ പേപ്പറിൽ നിങ്ങളുടെ വീടിന്റെ നേരേ കിഴക്കുവശത്ത് അത് വരച്ചോളൂ. ഇനി എവിടെയാണ് വേറെ കെട്ടിടം ഉള്ളത് ? തെക്കു വശത്ത് ഉണ്ടെങ്കിൽ അതും വരച്ചോളൂ. കിഴക്കുവശത്തെ വീടിനേക്കാൾ ദൂരെയാണ് തെക്കുവ

# എൽ.പി

## കൂട

### നിരീക്ഷണം

## പ്രവർത്തനം 2



ശത്തെ വീടെങ്കിൽ പേപ്പറിൽ വരക്കുമ്പോൾ തെക്കുവശത്തെ വീട് ദൂരേക്കാക്കി വരക്കണം ട്ടോ. ഇടക്ക് ദൂരെ മാറി തെക്കുപടിഞ്ഞാറൊരു വീടുണ്ടെങ്കിൽ ആ ദിശയിൽ അതും വരക്കണം. പിന്നെ അടുത്ത് റോഡോ പാലമോ മറ്റോ ഉണ്ടെങ്കിൽ അതും വരച്ചു ചേർക്കാം. ഇനി ഒരു കാര്യം കൂടി ചെയ്യണം. പേപ്പറിൽ വടക്ക് എവിടെയാണോ അവിടേക്ക് ഒരു അമ്പടയാളം വരച്ച് വടക്ക് എന്ന് എഴുതി വക്കുകയും വേണം. എല്ലാ ദിക്കും കാണിക്കുന്ന ഒരു ചിത്രം ചെറുതായി പേപ്പറിൽ ചേർത്താൽ നന്നാകും.



അറിയാം
നിറയാം
ഉയരാം
യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം

# എൽ.പി

## കൂട

### നിരീക്ഷണം

## പ്രവർത്തനം 2

നിങ്ങൾ വരച്ച ചിത്രത്തിന്റെ ഒരു ഫോട്ടോ എടുത്ത് കൂട്ടുകാരന് വാട്ട്സപ്പിൽ അയച്ച് കൊടുക്കൂ. എന്നിട്ട് ഫോണിലൂടെ എന്റെ വീടിന്റെ വടക്കുവശത്ത് വീടുണ്ടോ ? കിഴക്കുവശത്തെ വീടാണോ തെക്കുവശത്തെ വീടാണോ അടുത്ത്? **ഇത്തരത്തിലുള്ള കുറച്ച് ചോദ്യങ്ങൾ ചോദിക്കൂ. കൂട്ടുകാരൻ നൽകുന്ന ഉത്തരം ശരിയാണെങ്കിൽ നിങ്ങൾ വരച്ച ചിത്രം ഉഷാർ.**



അറിയാം
നിറയാം
ഉയരാം
യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം